**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1290** **30-06-2026-ൽ മറുപടിയ്ക്ക്**

**എം.ജി. സർവ്വകലാശാല സെനറ്റ് അംഗങ്ങളെ നാമനിർദ്ദേശം ചെയ്യുന്നതിനുള്ള മാനദണ്ഡങ്ങൾ**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. പി. മമ്മിക്കുട്ടി

ശ്രീ. റോജി എം. ജോൺ
(ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

**(എ)** എം.ജി. സർവ്വകലാശാല സെനറ്റ് അംഗങ്ങളെ ബഹു. ഗവർണർ നാമനിർദ്ദേശം ചെയ്തത് സർക്കാരുമായി കൂടിയാലോചന നടത്തിയാണോ എന്നത് വ്യക്തമാക്കാമോ; സെനറ്റ് അംഗങ്ങളെ നാമനിർദ്ദേശം ചെയ്യുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

**മറുപടി:** ഇക്കാര്യത്തിൽ സർക്കാരുമായി ബഹു. ഗവർണർ കൂടിയാലോചന നടത്തിയിട്ടില്ല. മഹാത്മാ ഗാന്ധി സർവകലാശാലാ ആക്റ്റ് 1985 ചാപ്റ്റർ 4 സെക്ഷൻ 17 - "എക്സ് ഒഫീഷ്യോ മെമ്പേഴ്സ് (13) & (14), other members " (1), (2), (3) പ്രകാരമുള്ള അംഗങ്ങളെ നിർദേശിക്കാനുള്ള അധികാരം ബഹു: ചാൻസലറിൽ നിക്ഷിപ്തമാണ്.

**(ബി)** സർവ്വകലാശാല തലവൻമാർ ഒരു പ്രത്യേക രാഷ്ട്രീയ അജണ്ട ചർച്ച ചെയ്യുന്ന യോഗത്തിൽ പങ്കെടുത്തത് സർക്കാരിന്റെ അറിവോടുകൂടിയാണോ; ഈ പ്രവൃത്തി ശരിവെക്കുന്നുണ്ടോ; വിശദമാക്കാമോ; വി.സി.മാരുടെ ഈ നടപടി തെറ്റായിരുന്നുവെങ്കിൽ ബഹുമാനപ്പെട്ട ഉന്നതവിദ്യാഭ്യാസ മന്ത്രി പ്രതികരിക്കാത്തതിന്റെ കാരണം വിശദമാക്കാമോ?

**മറുപടി:** അറിവോടുകൂടിയല്ല.

**സെക്ഷൻ ഓഫീസർ**